# ഭാരതത്തിൽ നിർമ്മിത ബുദ്ധിയുടെ പുതിയ ഹബ്ബ്: രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജനറേറ്റീവ് എ.ഐ. കോൺക്ലേവ് സംഘടിപ്പിച്ച് കേരളം



എസ്. ഹരി കിഷോർ ഐ.എ.എസ്.

ഭാരതത്തിൽ ഐടി രംഗത്തിനു മാർഗദർശിയായി നിന്ന സംസ്ഥാനമാണ് കേരളം. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽത്തന്നെ ഡിജിറ്റൽ സാങ്കേതിക രംഗത്തെ വാണിജ്യപരവും സാമ്പത്തികവുമായ വികസന സാധ്യതകൾ തിരിച്ചറിഞ്ഞ കേരളം വ്യക്തമായ ആശയങ്ങൾ രൂപീകരിച്ചു. ഇത് രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾക്ക് ഐ.ടി. രംഗത്ത് മുന്നേറാൻ ആത്മവിശ്വാസം നൽകി. ഡിജിറ്റൽ പരിവർത്തനത്തിനായുള്ള സംസ്ഥാന സർക്കാരിന്റെ പ്രതിബദ്ധതയാണ് ഐ.ടി. മേഖലയിലെ മുന്നേറ്റത്തിന് തുടക്കമിടാൻ പ്രേരണയായത്. ഇപ്പോൾ നിർമ്മിത ബുദ്ധിയുടെ രംഗത്തും വഴികാട്ടിയാകാൻ കേരളം ഒരുങ്ങുകയാണ്.

രാജ്യത്തെ ആദ്യ ഇന്റർനാഷണൽ ജനറേറ്റീവ് എ ഐ കോൺക്ലേവ് ജൂലൈ 11, 12 തീയതികളിൽ കൊച്ചിയിൽ നടന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) ഐ.ബി. എമ്മുമായി ചേർന്നാണ് ലുലു ഗ്രാൻഡ് ഹയാത്ത് ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ ദ്വിദിന കോൺക്ലേവ് സംഘടിപ്പിച്ചത്. ജെൻഎഐ ലോകത്തിന് മുന്നിൽ വലിയ വളർച്ച കൈവരിക്കുന്ന ഘട്ടത്തിൽ കേരളം ഈ മേഖലയിലേക്ക് കടന്നു വരുന്നത് വരും കാലങ്ങളിൽ സംസ്ഥാനത്തിന് ശക്തമായ മുന്നേറ്റം നടത്താനാകും എന്ന പ്രതീക്ഷയോടെയാണ്.

ജെൻഎഐ അതിവേഗം വികസിക്കുകയും ലോകത്താകെ വലിയ സാധ്യതകൾ തുറന്നിടുകയും ചെയ്യുന്ന അവസരത്തിൽ കേരളത്തിൽ നടന്ന കോൺക്ലേവിന് പ്രാധാന്യമേറുന്നു. സംസ്ഥാനത്തിന്റെ ജലസേചനം, കാർഷികോൽപാദനം എന്നിവ മെച്ചപ്പെടുത്തുന്നതിനും പരിസ്ഥിതി, വംശനാശ ഭീഷണി നേരിടുന്ന മൃഗങ്ങൾ എന്നിവയുടെ സംരക്ഷണത്തിനും ജെൻഎഐ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. ആഗോള വാണിജ്യ രംഗത്ത് ജെൻഎഐ ഉപയോഗിച്ച് കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാൻ സാധിക്കും. വിവിധ ബിസിനസ് പ്ലാറ്റുഫോമുകളിലും ഡാറ്റ അനലിറ്റിക്സ് രംഗത്തും എ ഐ സാങ്കേതിക വിദ്യകൾ ഇപ്പോൾ വ്യാപകമാണ്. കൂടാതെ വിവിധ വ്യവസായങ്ങളിലും ഡൊമെയ്നുകളിലും ലേഖനങ്ങൾ, ബ്ലോഗുകൾ,



ഉൽപ്പന്ന വിവരണങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്റുകൾ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി കണ്ടന്റുകൾ സ്യഷ്ടിക്കാൻ ജെൻഎഐക്ക് കഴിയും. പെയിന്റിംഗുകൾ, ചിത്രീകരണങ്ങൾ, ഗ്രാഫിക്സ് എന്നിവയുൾപ്പെടെയുള്ള വിഷ്വൽ ആർട്ടുകളുടെ നിർമ്മാണത്തിൽ ഈ സാങ്കേതിക വിദ്യ ഉപയോഗിക്കാം. ആരോഗ്യം, ഹോസ്പിറ്റലിറ്റി തുടങ്ങിയ രംഗങ്ങളിലും ജെൻഎഐയുടെ സാധ്യതകൾ വളരെ വലുതാണ്.

അടിസ്ഥാന സൗകര്യ വികസനത്തിനായി ജെൻഎഐ ഉപകരണങ്ങളും അൽഗോരിതങ്ങളും ഉപയോഗിക്കുമ്പോൾ കൂടുതൽ കാര്യക്ഷമവും ലാഭകരവുമായ വികസനത്തിന് കാരണമാകും. പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും രൂപപ്പെടുത്താനും നൂതന മാർക്കറ്റിങ്ങ് തന്ത്രങ്ങൾ ആവിഷ്ക്കരിക്കാനും സാധിക്കും. തൊഴിലാളികൾക്ക് പരിശീലന പരിപാടികൾ നൽകിക്കൊണ്ട് അവരുടെ കഴിവുകൾ വർദ്ധിപ്പിക്കാനും സമഗ്രമായ ഗവേഷണ സൗകര്യങ്ങൾ ഒരുക്കാനും സാധിക്കും. കേരളത്തിലെ മുൻഗണനാ വ്യവസായ മേഖലകളിൽ ജെൻഎഐ സാങ്കേതികവിദ്യയുടെ മുഴുവൻ സാധ്യതകളും ഉപയോഗപ്പെടുത്താനാണ് വ്യവസായ വകുപ്പിന്റെ ശ്രമം. ഇത്തരം നടപടികളുടെ ആദ്യ ചുവടുവെപ്പു കൂടിയായയാണ് കോൺക്ലേവ് സംഘടിപ്പിച്ചത്.

കോൺക്ലേവിന് മുന്നോടിയായി കെ.എസ്.ഐ.ഡി.സി. നടത്തിയ പഠനങ്ങളിൽ കേരളത്തിലെ സ്റ്റാർട്ടപ്പുകൾക്കും കമ്പനികൾക്കും ജെൻഎഐ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുമ്പോൾ മികച്ച അവസരങ്ങൾ ലഭ്യമാകുമെന്ന് കണ്ടെത്തിയിരുന്നു. കേരളത്തിലെ സ്റ്റാർട്ടപ്പ് മേഖല ലോകത്തിലെ തന്നെ ഏറ്റവും മികച്ചതാണെന്ന് ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റാങ്കിംഗ് (ജി.എസ്.ഇ.ആർ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെയും ഏജൻസികളുടെയും പദ്ധതികളിലും നിർവഹണത്തിലും എ.ഐ. ഉപയോഗം വ്യാപകമാക്കാൻ സർക്കാർ തീരുമാനിച്ചു.

ജെൻഎഐയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ വിവിധ ഇൻസെന്റീവുകളും സബ്സിഡികളും നൽകും. 10 കോടി രൂപയിൽ കുറഞ്ഞ മൂലധനമുള്ള എ.ഐ. സംരഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. മുഖേന പങ്കാളിത്ത മൂലധന നിക്ഷേപമെന്ന നിലയിൽ 5 കോടി രൂപ നൽകും. വ്യവസായ നയത്തിന്റെ ഭാഗമായി ഒരു കോടി രൂപ സ്കെയിൽ അപ് ഗ്രാന്റും ലഭ്യമാക്കും. നിലവിലുള്ള ചെറുകിട സംരഭകർ എ.ഐ. സാങ്കേതികവിദ്യ സ്വീകരിച്ചാലും സമാന സാമ്പത്തിക സഹായം ലഭിക്കും. നടപ്പു സാമ്പത്തിക വർഷം തന്നെ സമഗ്ര എ.ഐ. നയം പ്രഖ്യാപിക്കാനും സർക്കാർ തീരുമാനിച്ചു.

ഐ.വി. സൊല്യൂഷൻസ്, ആമാസ് സോഫ്റ്റ് വെയർ സൊല്യൂഷൻസ്, അത്താച്ചി, ബില്യൺ ലൈവ്സ് ബിസിനസ് ഇനിഷ്യേറ്റീവ്സ്, ബിൽഡ് നെക്സ്റ്റ് കൺസ്ട്രക്ഷൻ സൊല്യൂഷൻസ്, കോഡിയോഫ് ഡ്യൂട്ടി ഇന്നോവേഷൻസ്, ഡോക്കർ വിഷൻ, ഗൗഡ് ബിസിനസ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ സൊല്യൂഷൻസ്, ഹയർഫ്ളെക്സ് ഗ്ലോബൽ, ഐ.ബി.എം., അയോനോട്ട് ടെക്നോളജീസ്, ലാർസ് എ.ഐ., മന്ദാര എ.ഐ., പാരാഡിം എ.ഐ. പിക്കി അസിസ്റ്റ്, ടോഡോ സെയിൽസ് ആപ്പ്, സ്കൈസ്മൈൽ ടെക്നോളജീസ്, തേർഡ് ഡേ അക്കാദമി, ടൂട്ടിഫ്രൂട്ടി ഇൻ്ററാക്ടീവ്, ഉറവ് അഡ്വാൻസ്ഡ് ലേണിംഗ് സിസ്റ്റംസ്, എക്സ്പ്ലോർ റൈഡ്സ്, സെഡിലാബ് സോഫ്റ്റ് വെയർ സിസ്റ്റംസ്, പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ എന്നീ കമ്പനികൾ ജെൻ എ.ഐ. കോൺക്ലേവിന്റെ ഭാഗമായി ഒരുക്കിയ സ്റ്റാർട്ടപ്പ് എക്സിബിഷനിൽ തങ്ങളുടെ ആപ്ലിക്കേഷനുകളും ഉപകരണങ്ങളും അവതരിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തിയ വിദഗ്ധരുൾപ്പെടെ രണ്ടായിരത്തോളം പ്രതിനിധികളാണ് ദ്വിദിന കോൺക്ലേവിൽ പങ്കെടുത്തത്.

വിദ്യാഭ്യാസ മേഖലയിൽ എ.ഐ. അധിഷ്ഠിത കോഴ്സുകൾ നടപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ പദ്ധതിയിടുന്നു. നിലവിൽ 20–ഓളം കോളേജുകളിൽ എ.ഐ., റോബോട്ടിക്സ്, മെഷീൻ ലേണിംഗ് കോഴ്സുകൾ ലഭ്യമാണ്. കാർഷിക മേഖലയിൽ എ.ഐ. ഉപയോഗിക്കുന്നതിലും കേരളം മുന്നിലാണ്. കാലാവസ്ഥക്ക് അനുയോജ്യമായ വിളകൾ, കീടങ്ങളിൽ നിന്ന് സംരക്ഷണം തുടങ്ങിയവയിൽ എ.ഐ. സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നു. മികച്ച ബിസിനസ് അന്തരീക്ഷം, കരുത്താർന്ന ഐ.ടി. ഇൻഫ്രാസ്ട്രക്ചർ, ടെക്നോളജി ഇൻകുബേറ്ററുകൾ എന്നിവയ്ക്കും സർക്കാർ കൂടുതൽ ശ്രദ്ധ നൽകുന്നു.

നിർമ്മിത ബുദ്ധി രംഗത്ത് കേരളം പുതിയ സാങ്കേതിക വിപ്ലവത്തിനായുള്ള സാധ്യതകൾ തുറക്കുകയാണ്. ജെൻ എ.ഐ. കോൺക്ലേവിലൂടെ പുതിയ പ്രതീക്ഷകളും ലക്ഷ്യങ്ങളും നേടാൻ സംസ്ഥാനത്തിന് സാധിച്ചു. ഈ രംഗത്ത് വർധിച്ചുവരുന്ന വളർച്ചയും, മത്സരവും സമ്പദ് വ്യവസ്ഥയിലും സാമൂഹിക തലങ്ങളിലും വലിയ മാറ്റങ്ങൾ വരുത്തും. സംസ്ഥാന സർക്കാർ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായങ്ങൾ, ഒപ്പം പുതുതായി ഉയർന്നുവരുന്ന സ്റ്റാർട്ടപ്പുകൾ എന്നിവയുടെ കൂട്ടായ പരിശ്രമം കേരളത്തെ ഒരു ആഗോള എ.ഐ. ഹബ്ബായി മാറ്റുമെന്നതിൽ സംശയമില്ല. ■

**വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ആന്റ് കെ.എസ്.ഐ.ഡി.സി. എം.ഡി. ആണ് ലേഖകൻ**